# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രസിദ്ധീകരിച്ച തൃശൂർ നഗരസഭയുടെ കരട് ഡെവലപ്പ്മെന്റ് പ്ലാനിന്മേൽ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്ന സമയപരിധി 2013 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================================

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(സാ) നം.448/13/തസ്വഭവ. തിരുവനന്തപുരം, തീയതി 18-02-2013

=================================================================================

പരാമർശം:-

1. 08-08-2012-ലെ സ.ഉ(എം. എസ്)നം.215/12/തസ്വഭവ.
2. 06-11-2012- ൽ പ്രസിദ്ധീകരിച്ച കേരള ഗസറ്റ് നം. 22 വാല്യം I
3. 07-01-2013-ലെ സ.ഉ(സാധാ)നം.55/13/തസ്വഭവ.
4. ബഹു. എം.എ ൽ. എ. തേറമ്പിൽ രാമകൃഷ്ണന്റെ 17-12-2012-ലെ കത്ത്.

## ഉത്തരവ്

തൃശൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള ഗസറ്റ് നം. 22 വാല്യം 1 പ്രകാരം ആയത് പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങൾക്കുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും 2 മാസത്തിനുള്ളിൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ജനങ്ങളുടെ ആക്ഷേപം കേൾക്കുന്നതിന് ന്യായമായ കാലാവധി നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കാലാവധി പരാമർശം (3) ലെ ഉത്തരവ് പ്രകാരം ജനുവരി 15 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തൃശൂർ നഗരസഭയുടെ കരട് ഡെവലപ്പ്മെന്റ് പ്ലാൻ പരിശോധിക്കുന്നതിനും ദേഭഗതികൾ നിർദ്ദേശിക്കുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും അവസരം നൽകുന്നതിനായി മേൽപ്പറഞ്ഞ സമയപരിധി 2013 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഷൈനി ജോർജ്**

അണ്ടർ സെക്രട്ടറി.

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
3. സെക്രട്ടറി, തൃശൂർ കോർപ്പറേഷൻ.
4. ജില്ലാ ടൗൺ പ്ലാനർ, തൃശൂർ കോർപ്പറേഷൻ.
5. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ